REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 27-07-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **രാജ്യത്ത് പരീക്ഷാ പരിഷ്കരണങ്ങൾക്ക് ഉന്നതാധികാര ദൗത്യ സേന രൂപീകരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **പൊതുപരീക്ഷ ക്രമക്കേടുകൾ തടയൽ ഭേദഗതി ബിൽ-2026 ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.**
- **വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് പ്രധാനമന്ത്രി.**
- **സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **കോമൺവെൽത്ത് ഗെയിംസ് വനിതാ ഭാരോദ്വഹനത്തിൽ മീരാഭായ് ചാനുവിന് സ്വർണം.**

## വാർത്തകൾ വിശദമായി

രാജ്യത്ത് പരീക്ഷാ പരിഷ്കരണങ്ങൾക്ക് ഉന്നതാധികാര ദൗത്യ സേന രൂപീകരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സാമൂഹികമാധ്യമ വീഡിയോയിലൂടെയാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. പ്രമുഖ സാങ്കേതികവിദ്യാ വിദഗ്ദ്ധൻ നന്ദൻ നിലേകനിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച സമിതിയിൽ മുൻ ഇന്റലിജന്റ്സ് ബ്യൂറോ ഡയറക്ടർ തപൻ ദേക്ക, ISRO മുൻ ചെയർമാൻ S. സോമനാഥ്, IIT മദ്രാസ് ഡയറക്ടർ V. കാമകോടി, മുൻ വിദ്യാഭ്യാസ സെക്രട്ടറി അനിത കർവാൾ, ലോജിസ്റ്റിക്സ് വിദഗ്ദ്ധൻ അമൃത് ലാൽ മീണ എന്നിവരും അംഗങ്ങളാണ്.

രാജ്യത്തെ പരീക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ ദൗത്യസേന ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും, ഇതിന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ

ഭാവിയിലെ പരീക്ഷകളുടെ വിശ്വാസ്യത ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ പരീക്ഷാ സംവിധാനം തികച്ചും വിശ്വസനീയവും സുതാര്യവും സാങ്കേതികവിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതുമായിരിക്കണമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

മത്സരപ്പരീക്ഷകളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കുന്നതിനും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

പൊതുപരീക്ഷ ക്രമക്കേടുകൾ തടയൽ ഭേദഗതി ബിൽ 2026 കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. 2024-ലെ പൊതു പരീക്ഷാ ക്രമക്കേടുകൾ തടയൽ നിയമം ഭേദഗതി ചെയ്യുകയാണ് ബില്ലിന്റെ ലക്ഷ്യം. ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ കർശന ശിക്ഷ ഉറപ്പാക്കുകയും അതിവേഗ കോടതികൾ സ്ഥാപിക്കുകയും ചെയ്യുന്ന കരട് ബില്ലിന് വെള്ളിയാഴ്ച കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

✪✪✪

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വികസിത ഇന്ത്യയുടെ ചാലകശക്തിയും അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളും യുവതയാണെന്ന് അദ്ദേഹം വ്യക്തമാക്കി. 'വികസിത് വൈബ്രന്റ് വില്ലേജ്' പരിപാടിയിലെ പങ്കാളികളെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ദേശീയ വെല്ലുവിളികൾ നേരിടുന്നതിനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനും യുവജനങ്ങളുടെ ഊർജ്ജം വിനിയോഗിക്കുമ്പോൾ രാജ്യത്തിന്റെ ഭാവി കൂടുതൽ ശോഭനമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. യുവാക്കൾ നാടിന്റെയും സമൂഹത്തിന്റെയും അടിസ്ഥാന യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുമ്പോൾ, അത് എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലേക്ക് ഇന്ത്യയുടെ യാത്ര ശക്തിപ്പെടുത്തുമെന്നും പ്രധാന മന്ത്രി സൂചിപ്പിച്ചു .

രാജ്യത്തെ അതിർത്തി ഗ്രാമങ്ങൾ സന്ദർശിക്കാനും അവയെക്കുറിച്ച് മനസ്സിലാക്കാനും അവിടെ സജീവമായി ഇടപെടാനും യുവാക്കളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വികസിത് വൈബ്രന്റ് വില്ലേജ്'

പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിക്ക് മികച്ച പ്രതികരണമാണ് യുവാക്കളിൽ നിന്ന് ലഭിച്ചതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി . വികസിത ഭാരതത്തിന്റെ അടിസ്ഥാനം വികസിത ഗ്രാമങ്ങളാണെന്നും, ഈ ലക്ഷ്യം കൈവരിക്കുന്നതിൽ യുവാക്കൾക്ക് നിർണായക പങ്കുണ്ടെന്നും നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ഇന്ന് മുൻ രാഷ്ട്രപതി ഡോ. APJ അബ്ദുൾ കലാം അനുസ്മരണ ദിനം. "ഇന്ത്യയുടെ മിസൈൽ മാനാ"യി അറിയപ്പെടുന്ന അബ്ദുൾ കലാമിന്റെ ചരമവാർഷികമാണ് ജൂലൈ 27 ന് അനുസ്മരണ ദിനമായി ആചരിക്കുന്നത്.

ഡോ.കലാമിനോട് ആദരസൂചകമായി ഈ ആഴ്ച 'ഗുരു പൂർണിമ' പുണ്യോത്സവം ആഘോഷിക്കുമെന്ന് പ്രധാനമന്ത്രി മൻ കീ ബാതിൽ അറിയിച്ചിരുന്നു.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ഇന്നലെ നടത്തിയ പരിശോധനയിൽ 64 കേസുകളിലായി 75 പേർ കൂടി അറസ്റ്റിലായി. ഇതോടെ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എടുത്ത കേസുകളുടെ എണ്ണം 7,980 ആയി ഉയർന്നു. ആകെ 8,589 പേരെ അറസ്റ്റു ചെയ്തു. 6389 ഗ്രാമിലധികം MDMA യും 726 കിലോയിലധികം കഞ്ചാവും, 4626 ഗ്രാമിലധികം ഹാഷിഷ് ഓയിലും ഇതുവരെ പിടിച്ചെടുത്തു.

✪✪✪

മന്ത്രി രമേശ് ചെന്നിത്തല ഇന്ന് കാസർകോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ 9 ന് വിദ്യാനഗറിലെ പൊതുപരിപാടിയിൽ പങ്കെടുത്ത ശേഷം നായന്മാർമൂല TIHSS ൽ ഓപറേഷൻ തൂഫാൻ ജില്ലാതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

✪✪✪

KM അഭിജിത്ത് MLA യുടെ ഓഫീസ് വൈകീട്ട് കോഴിക്കോട് കല്ലാച്ചിക്ക് സമീപം മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. കോൺഗ്രസ് നേതാവ് മുല്ലപ്പള്ളി രാമചന്ദ്രൻ മുഖ്യാ തിഥിയാകും.

✪✪✪

കണ്ണൂർ നഗരത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനും, സിറ്റി റോഡ് ഇമ്പ്രൂവ്മെന്റ് പദ്ധതി, ചൊവ്വ മേൽപ്പാലം ഉൾപ്പെടെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും മന്ത്രി പി കെ ബഷീറിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് നാളെ അവലോകന യോഗം ചേരും.

കണ്ണൂർ ജില്ലാ ഭരണകൂടം, പൊതുമരാമത്ത് - ദേശീയപാത ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുക്കുമെന്ന് T.O മോഹനൻ MLA അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. വടക്കു-പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും, പശ്ചിമ ബംഗാൾ - വടക്കൻ ഒഡീഷ തീരങ്ങൾക്കും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടതിനാൽ വരും ദിവസങ്ങളിൽ മഴ കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

കോമൺവെൽത്ത് ഗെയിംസിൽ വനിതാ ഭാരോദ്വഹനത്തിൽ മീരാഭായ് ചാനു സ്വർണം നേടി. ഗ്ലാസ്ഗോയിൽ വനിതകളുടെ 48 കിലോ വിഭാഗത്തിലാണ് മീരാഭായ് ചാനുവിന് സ്വർണ്ണം .

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ , പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രി അമിത് ഷാ എന്നിവർ മീരാഭായ് ചാനുവിനെ അഭിനന്ദിച്ചു. ഈ വർഷത്തെ കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ ആദ്യ സ്വർണ്ണ മെഡലാണിത്.

രാജ്യത്തിനുവേണ്ടി സ്ഥിരമായി മെഡൽ നേടുന്ന ചാനുവിന്റെ പ്രകടനങ്ങൾ അസാധാരണമായ സമർപ്പണത്തെയും, പരിശ്രമത്തെയും പ്രതിഫലിപ്പി ക്കുന്നതാണെന്ന് ഉപരാഷ്ട്രപതി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

ഇന്ത്യൻ ഭാരോദ്വഹനത്തിലെ മഹത്തായ അധ്യായമാണിതെന്നും, മീരാഭായ് ചാനു ഓരോ ഇന്ത്യക്കാരനും പ്രചോദനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

കോമൺവെൽത്ത് ഗെയിംസിൽ ഹാട്രിക് സ്വർണ്ണ മെഡലുകൾ നേടുന്ന ഇന്ത്യയുടെ ആദ്യ ഭാരോദ്വഹന താരമെന്ന നിലയിൽ ചാനുവിന്റെ പേര് ചരിത്രത്തിൽ ഇടം നേടിയതായി അമിത് ഷായും സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

കോമൺവെൽത്ത് ഗെയിംസിൽ പുരുഷന്മാരുടെ 60 കിലോ വിഭാഗത്തിൽ ഇന്ത്യൻ ഭാരോദ്വഹന താരം ഷികാന്ത സിംഗ് ചനംബം വെള്ളി മെഡലും, ഹെവിവെയ്റ്റ് വിഭാഗത്തിൽ ജണ്ടു കുമാർ വെങ്കലവും നേടിയിട്ടുണ്ട്.

✪✪✪

ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ വെള്ളി മെഡൽ നേടിയ ഇന്ത്യയുടെ പുരുഷ ഭാരോദ്വഹന താരം ഋഷികാന്ത സിംഗ് ചനംബത്തെ ഉപരാഷ്ട്രപതി CP

രാധാകൃഷ്ണൻ അഭിനന്ദിച്ചു. ഇന്ത്യയ്ക്കായി ഉയർന്ന തലത്തിൽ മെഡൽ കരസ്ഥമാക്കിയ ചാനംബത്തിന്റെ നേട്ടങ്ങൾ രാജ്യത്തെ അഭിമാനഭരിതരാക്കിയിട്ടുണ്ടെന്നും, വരും വർഷങ്ങളിൽ അദ്ദേഹത്തിന് കൂടുതൽ വിജയം ആശംസിക്കുന്നതായും ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യ - സിംബാബ്‌വെ പുരുഷ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് തകർപ്പൻ ജയം. ഹരാരെയിൽ ആതിഥേയരായ സിംബാബ്‌വെയെ 35 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ ജയം.

ഇന്ത്യ ഉയർത്തിയ 193 റൺസ് വിജയലക്ഷ്യം പിന്തുടർന്ന സിംബാബ്‌വെക്ക്, 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 157 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

മസ്തിഷ്ക മരണം സംഭവിച്ച പ്രശസ്ത സീരിയൽ-നാടക നടനും ഡബ്ബിങ് ആർട്ടിസ്റ്റുമായ മുരുകൻ പനവിള അഞ്ചുപേർക്ക് പുതു ജീവനേകും. കരൾ, ഹൃദയവാൽവ്, രണ്ട് നേത്രപടലങ്ങൾ, ചർമം എന്നിവയാണ് ദാനം ചെയ്തത്.

മാതൃകാപരമായ തീരുമാനമെടുത്ത മുരുകന്റെ കുടുംബാംഗങ്ങളെ മന്ത്രി K.മുരളീധരൻ ആദരവ് അറിയിച്ചു. കുടുംബത്തിന്റെ വിയോഗത്തിൽ പങ്കുചേരുന്നതായും അദ്ദേഹം പറഞ്ഞു.

✪✪✪

കോഴിക്കോട് ബേപ്പൂർ മാറാടിന് സമീപം വെളിച്ചെണ്ണമില്ലിൽ തീപിടുത്തമുണ്ടായി. ഇന്നലെ രാത്രിയുണ്ടായ തീപ്പിടുത്തത്തിൽ കെട്ടിടത്തിന്റെ മേൽക്കൂരയുൾപ്പെടെ കത്തി നശിച്ചു.

✪✪✪

ശ്രീരാമപാദമുദ്രയും, ജടായുശില്പവുമൊക്കെയായി രാമായണ കഥാസന്ദർഭങ്ങളുടെ ദൃശ്യാനുഭവം സമ്മാനിക്കുന്നതാണ് കൊല്ലം ജടായുപ്പാറയിലെ കോദണ്ഡ രാമസ്വാമി ക്ഷേത്രദർശനം. രാമായണമാസത്തിൽ ധാരാളം വിശ്വാസികൾ ക്ഷേത്രദർശനത്തിനെത്തുന്നു.

കൂടുതൽ വിവരങ്ങളുമായി കൊല്ലത്തു നിന്ന് നീരജ് ലാൽ.

.......(വോയ്സ്).......

✪✪✪

ഈ മാസം 30 മുതൽ ഓഗസ്റ്റ് 2 വരെ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലുമായി സംഘടിപ്പിക്കുന്ന മലബാർ റിവർ ഫെസ്റ്റിവൽ രാജ്യന്തര വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന്റെ പ്രചാരണാർഥം 'സൺഡേ ഫൺ റൈഡ്" ബുള്ളറ്റ് യാത്ര സംഘടിപ്പിച്ചു. കാലിക്കറ്റ് ബുള്ളറ്റ് ക്ലബിന്റെയും ഫോഗി മൗണ്ടൻ അമ്യൂസ്മെന്റ് പാർക്ക് ആൻഡ് റിസോർട്ടിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

എലത്തൂർ MLA വിദ്യാ ബാലകൃഷ്ണന് മന്ത്രിസ്ഥാനം വാഗ്ദാനം നൽകി തട്ടിപ്പിന് ശ്രമിച്ച കേസിൽ പിടിയിലായ രണ്ടു ഡൽഹി സ്വദേശികളെ കോഴിക്കോടെത്തിച്ചു.

ഈസ്റ്റ് ഡൽഹി സ്വദേശികളായ ഗൗരവ്, നിതിൻ കുമാർ എന്നിവരെ കഴിഞ്ഞ ബുധനാഴ്ചയാണ് കോഴിക്കോട് സിറ്റി സൈബർ ക്രൈം പോലീസ് ഡൽഹി ഗാസിപൂരിൽ അറസ്റ്റ് ചെയ്തത്.

✪✪✪

വർഷങ്ങളായി വാടക വീടുകളിൽ കഴിഞ്ഞ രോഗികളായ വിദ്യാർഥികൾക്ക് സമഗ്ര ശിക്ഷ കേരള അർബൻ സൗത്ത് റിസോഴ്സ് സെന്റർ സ്നേഹവീടൊരുക്കി. മസ്കുലാർ ഡിസ്ട്രോഫി രോഗം ബാധിച്ച ബേപ്പൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർഥിനിക്കും മീഞ്ചന്ത ഗവ. ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർഥിനിക്കുമാണ് വീടൊരുക്കിയത്.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: അബ്ദുൽ കബീർ*
*News Team: സബിത കെ*
*DEO : ഷീബ*